**വഴിവെളിച്ചം**

# ധൃതിയുടെ പരിണതി

عَن أَنَس بن مَالِك رَضِي اللَّهُ عَنهُ قَالَ: قَالَ رَسُولُ اللَّهِ ﷺ: التَّأَنِي مِنَ اللهِ وَالعَجَلَةُ مِنَ الشَّيْطَانِ.

**അനസുബ്നു മാലിക്കിൽനിന്ന്: നബി(സ) പറഞ്ഞു: "അവധാനത അല്ലാഹുവിൽനിന്നാണ്; ധൃതി പിശാചിൽനിന്നും."***

**കാര്യങ്ങളുടെ** നിജസ്ഥിതി വ്യക്തമായി മനസ്സിലാക്കാതെ പെട്ടെന്ന് പ്രതികരിക്കരുതെന്നും അവധാനതയോടെ വേണം കാൽവെപ്പുകൾ നടത്താനെന്നും പഠിപ്പിക്കുന്ന ഒരു നബിവചനം. വല്ല വിവരവും കിട്ടുമ്പോഴേക്കും മുൻ നോട്ടമില്ലാതെ പ്രവർത്തിക്കുന്നത് നിരവധി പ്രശ്നങ്ങൾ ക്ഷണിച്ചുവരുത്തും. കാര്യത്തിന്റെ നിജസ്ഥിതി തിരിച്ചറിയുകയാണ് വിശ്വാസികൾ ആദ്യമായി ചെയ്യേണ്ടത്. അത് അറിയുന്നതു വരേക്കും കാത്തുനിൽക്കുന്നവനാണ് സത്യവിശ്വാസിയെന്ന് ഇമാം ഹസനുൽബസ്വരി പ്രസ്താവിച്ചിട്ടുണ്ട്. ധൃതിപ്പെട്ട് ഒരു കാര്യം ചെയ്യുമ്പോൾ അതുണ്ടാക്കുന്ന അനർഥങ്ങളും ദുരന്തങ്ങളും ഏറെയാണ്. ധൃതി പിശാചിൽനിന്നാണെന്ന് നബി പഠിപ്പിക്കുന്നത് അതിനാലാണെന്ന് ഇബ്നുൽ ഖയ്യിം നിരീക്ഷിച്ചിട്ടുണ്ട്.

പ്രഥമ ഘട്ടത്തിൽ എത്യോപ്യയിലേക്കു പലായനം ചെയ്ത വിശ്വാസികൾക്ക് മക്കയിലെ ഖുറൈശികൾ മുസ്ലിംകളായിരിക്കുന്നുവെന്ന ഒരു വിവരം എവിടുന്നോ ലഭിച്ചു. വാർത്ത കേട്ടപാടെ മക്കയിലേക്കു മടങ്ങിയ വിശ്വാസികളിൽ ചിലർക്ക് ശത്രുക്കളുടെ കടുത്ത മർദനം ഏ

ൽക്കേണ്ടി വന്നു. ഉഹ്ദ് യുദ്ധത്തിൽ മുസ്അബു ബ്നു ഉമൈർ(റ) വധിക്കപ്പെട്ട തിനെ തുടർന്നാണ് നബി(സ)യും വധിക്കപ്പെട്ടുവെന്ന അഭ്യൂഹം പരന്നത്. മുസ്അബിന് നബി(സ)യുമായി രൂപസാദൃശ്യമുണ്ടായിരുന്നതാണ് ഇതിന് കാരണം. ഈ അഭ്യൂഹം വിശ്വസിച്ചതു കാരണം മുസ്‌ലിംകൾ യുദ്ധത്തിൽ വല്ലാതെ വെപ്രാള പ്പെട്ടു. മദീനയിൽ അവസരവാദികളുടെ നേതാവ് അബ്ദുല്ലാഹിബ്നു ഉബയ്യുബ്നു സുലൂൽ പ്രവാചകപത്നി ആഇശ(റ)ക്ക് എതിരെ നടത്തിയ അപവാദ പ്രചാരണം ചില മുസ്‌ലിംകളും വിശ്വസിച്ചതിന്റെ കാരണവും ധൃതിയല്ലാതെ മറ്റൊന്നല്ല. വ്യക്തത വരുംമുമ്പ് ഒരു വിവരവും മറ്റുള്ളവർക്ക് കൈമാറാൻ പാടില്ലെന്നാണ് ഇസ്‌ലാമിന്റെ ശാസന. കേൾക്കുന്നതെല്ലാം പ്രചരിപ്പിക്കുന്നത് കള്ളമായിത്തീരുമെന്ന (മുസ്‌ലിം) പ്രവാചക വചനം ശ്രദ്ധേയമാണ്.

വിശുദ്ധ ഖുർആനിലെ *അൽകഹ്ഫ്* അധ്യായത്തിൽ ഖിദ്‌റിനൊപ്പം സഞ്ചരിക്കുന്ന ശിഷ്യൻ മൂസ(അ)യുടെ ധൃതിയും അതിനോട് ഗുരുവിന്റെ പ്രതികരണവും ചിത്രീകരിച്ചിട്ടുണ്ട്. "നിനക്കു കൃത്യമായ അറിവ് ലഭിക്കാത്ത വിഷയത്തിൽ ക്ഷമ അവലംബിക്കാൻ കഴിയാതിരിക്കെ എങ്ങനെയാണ് എനിക്കൊപ്പം സഞ്ചരിക്കാനാവുക" (*അൽകഹ്ഫ്* 67,68) എന്നാണ് ഗുരുവിന്റെ ആദ്യ പ്രതികരണം. "ദൈവം ഉദ്ദേശിച്ചാൽ ക്ഷമാശീലനായി, താങ്കളെ ധിക്കരിക്കാതെ യാത്ര തുടരാം" (സൂക്തം 69) എന്ന് മൂസ(അ) സമ്മതിക്കുന്നു. കാര്യങ്ങൾ ധൃതിപ്പെട്ട് ആരാഞ്ഞുകൊണ്ടിരിക്കരുതെന്ന നിബന്ധനയാണ് തുടർന്ന് ഖിദ്ർ നൽകുന്നത്. എന്നാൽ സംഭവിച്ചതെല്ലാം ഈ നിബന്ധനക്കെതിരായിരുന്നു. ഗുരുവിന്റെ ഓരോ നീക്കത്തിലും ക്ഷമ നശിച്ച മൂസാ(അ) പരിഭ്രാന്തനായി ചോദ്യശരങ്ങൾ ഉതിർത്തുകൊണ്ടിരുന്നു. മൂസാ(അ)യുടെ ആദ്യ ചോദ്യത്തിന് സൗമ്യനായ ഒരു അധ്യാപകനെപ്പോലെ ഖിദ്ർ പറഞ്ഞു: "എന്നോടൊപ്പം ക്ഷമിക്കാൻ നിനക്കു സാധ്യമല്ലെന്ന് ഞാൻ പറഞ്ഞിരുന്നില്ലേ" (72). വിനയത്തോടെ അതിനോട് മൂസ(അ) പ്രതികരിച്ചത്, മറവി സംഭവിച്ചതിൽ പിടികൂടരുതെന്നായിരുന്നു. മൂസാ(അ)യുടെ അക്ഷമയാണ് ഈ സംഭവത്തിലെ പാഠങ്ങളിൽ ഒന്നെങ്കിൽ, *അന്നംല്* അധ്യായത്തിൽ സുലൈമാൻ നബിയുടെ പക്വതയെയാണ് ഖുർആൻ എടുത്തു കാട്ടുന്നത്. ഹുദ്ഹുദ് പക്ഷി മടങ്ങി വരാത്തതു കണ്ടപ്പോൾ അതിന്നു താൻ നല്ല ശിക്ഷ കൊടുക്കുമെന്ന് പറഞ്ഞ സുലൈമാൻ(അ), വല്ല പ്രധാനപ്പെട്ട വിവരങ്ങളുമായി അതു മടങ്ങി വരുമെന്ന പ്രതീക്ഷ നിലനിർത്തുന്നുമുണ്ട്. പറന്നെത്തിയ പക്ഷി യമനിലെ ബൽക്കീസ് രാജ്ഞിയെക്കുറിച്ചും അവിടുത്തെ ജനങ്ങളുടെ സൂര്യാരാധനയെ സംബന്ധിച്ചും അറിയിച്ചപ്പോഴും, വിവരങ്ങൾ കൃത്യമായി മനസ്സിലാക്കാൻ സുലൈമാൻ(അ) ശ്രമിക്കുന്നു. "നീ പറഞ്ഞതു സത്യമോ മിഥ്യയോ എന്ന് നാം പരിശോധിക്കുന്നതാണ്" (*അന്നംല്* 27) എന്നു അദ്ദേഹം പറയുന്നുണ്ട്.

അനാവശ്യമായി ജനങ്ങളുടെ കാര്യങ്ങളിൽ ഇടപെടുകയും നിജസ്ഥിതി അറിയാതെ സംസാരിക്കുകയും ചെയ്യുന്നവർ സമൂഹത്തിലുണ്ട്. പൊടിപ്പും തൊങ്ങലും വെച്ച സംസാരങ്ങളുമായി അവരവിടെ നിറഞ്ഞുനിൽക്കും. അതു മുഖേന സമൂഹത്തിന്റെ പരസ്പര വിശ്വാസവും സദ്‌വിചാരങ്ങളുമാണ് തകരുക. അതിനാലാണ് ധൃതിയെ കരുതിയിരിക്കണമെന്ന് നബി(സ) താക്കീത് ചെയ്യുന്നത്. ■

**റഫീഖുർറഹ്മാൻ മൂഴിക്കൽ**

അവലംബം: (*അൽമുജ്തമഅ്* 18.4.2009)

** ബൈഹഖി ഉദ്ധരിച്ചത്. നാസിറുദ്ദീൻ അൽബാനി ഇത് ഹസൻ ആണെന്ന് പറഞ്ഞിട്ടുണ്ട്.*